**മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങളെ ജ്ഞാനത്തിലൂടെ ശുദ്ധമായ സുഗന്ധമുള്ള പുഷ്പമാക്കി മാറ്റാൻ, നിങ്ങൾ മുള്ളാവരുത്, മുള്ളുകളെ ഈ സഭയിലേയ്ക്ക് കൊണ്ടുവരരുത്.**

**ചോദ്യം-** ഓർമ്മയുടെ യാത്രയിൽ പരിശ്രമിക്കുന്ന കുട്ടികളുടെ അടയാളം എന്തായിരിക്കും?
**ഉത്തരം-** ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്യുന്ന കുട്ടികൾ വളരെ സന്തുഷ്ടരായിരിക്കും. ബുദ്ധിയിലുണ്ടാകും ഇപ്പോൾ നമ്മൾ തിരിച്ചുപോവുകയാണ്. പിന്നീട് നമുക്ക് സുഗന്ധമുള്ള പുഷ്പങ്ങൾ നിറഞ്ഞ പൂന്തോട്ടത്തിലേയ്ക്ക് പോകണം. നിങ്ങൾ ഓർമ്മയുടെ യാത്രയിലൂടെ സുഗന്ധമുള്ള പുഷ്പമായി മാറുന്നു പിന്നെ മറ്റുള്ളവരേയും ആക്കി മാറ്റുന്നു.

**ഓം ശാന്തി**. പൂന്തോട്ടത്തിന്റെ ഉടമസ്ഥനും ഇരിക്കുന്നുണ്ട്, തോട്ടക്കാരനുമുണ്ട്, പൂക്കളുമുണ്ട്. ഇത് പുതിയ കാര്യമല്ലേ. പുതിയവരാരെങ്കിലും ഇത് കേട്ടാൽ ഇവർ എന്താണീ പറയുന്നത് എന്ന് പറയും. പുന്തോട്ടക്കാരൻ, പൂക്കൾ ഇതെല്ലാം എന്താണ്? ഇങ്ങനെയുള്ള കാര്യങ്ങൾ ശാസ്ത്രങ്ങളിൽ ഒരിയ്ക്കലും കേട്ടിട്ടില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം, ഓർമ്മിക്കുന്നുമുണ്ട് പുന്തോട്ടത്തിന്റെ ഉടമസ്ഥനേയും തോണിക്കാരനെയുമെല്ലാം. ഇപ്പോൾ ഇവിടെ വന്നിട്ടുണ്ട്, ഇവിടെ നിന്നും മറുകരയിലേയ്ക്ക് കൊണ്ടുപോകാൻ വേണ്ടി. ബാബ പറയുന്നു ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. സ്വയം തന്നെത്താൻ നോക്കൂ ഞാൻ എത്ര ദൂരം പോകുന്നുണ്ട്? തന്റെ സതോപ്രധാന അവസ്ഥയിലേയ്ക്ക് എത്രത്തോളം എത്തിച്ചേർന്നു? എത്രത്തോളം സതോപ്രധാന അവസ്ഥ ഉണ്ടാകുന്നുവോ അതിന് അനുസരിച്ച് മനസ്സിലാക്കും നമ്മൾ ഇപ്പോൾ തിരിച്ച് പോവുകയാണെന്ന്. എവിടംവരെയെത്തി നമ്മൾ എന്നതിന്റെ മുഴുവൻ ആധാരവും ഓർമ്മയുടെ യാത്രയിലാണ്. സന്തോഷവും വർദ്ധിക്കും. ആര് എത്രത്തോളം പരിശ്രമിക്കുന്നുവോ അത്രയും സന്തോഷവും അവർക്ക് ഉണ്ടാകും. പരീക്ഷാ ദിവസമാകുമ്പോൾ വിദ്യാർത്ഥികൾക്ക് ഞാൻ എത്ര മാർക്കിൽ പാസാകും എന്നത് അറിയാൻ കഴിയുമല്ലോ. ഇവിടെയും അങ്ങനെയാണ്- ഓരോ കുട്ടിക്കും അറിയാൻ കഴിയും ഞാൻ എത്രത്തോളം സുഗന്ധമുള്ള പുഷ്പമായി മാറി? സുഗന്ധമുള്ള പുഷ്പമാക്കി മറ്റുള്ളവരെ എത്രത്തോളം മാറ്റുന്നുണ്ട്? ഇത് മുള്ളുകളുടെ കാടാണ് എന്നാണ് പാടുന്നത്. അതാണ് പൂക്കളുടെ പൂന്തോട്ടം. മുസ്ലീങ്ങളും പറയാറുണ്ട് അല്ലാഹുവിന്റെ പൂന്തോട്ടമെന്ന്. മനസ്സിലാക്കുന്നു അവിടെ ഒരു പൂന്തോട്ടമുണ്ട്, ആര് അവിടേയ്ക്ക് പോകുന്നുവോ അവർക്ക് അല്ലാഹു പുഷ്പം നൽകും. മനസ്സിൽ എന്ത് ആഗ്രഹമുണ്ടോ അത് പൂർത്തിയാകും. പക്ഷേ ആരെങ്കിലും പുഷ്പം ഇറുത്തു നൽകും അങ്ങനെയൊന്നുമില്ല, ആരുടെ ബുദ്ധിയിൽ എങ്ങനെയുണ്ടോ അതുപോലെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ഇവിടെ സാക്ഷാത്ക്കാരത്തിന്റെ ആധാരത്തിൽ ഒന്നുമില്ല. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ സാക്ഷാത്ക്കാരത്തിനായി കഴുത്തുപോലും അറുക്കുന്നു. മീരയ്ക്ക് സാക്ഷാത്ക്കാരം ലഭിച്ചു അവരോട് എത്ര ബഹുമാനമാണ്. അത് ഭക്തിമാർഗ്ഗമാണ്. ഭക്തിയ്ക്ക് അരകല്പം പൂർത്തിയാക്കുക തന്നെ വേണം. ജ്ഞാനമേയില്ല. വേദങ്ങൾക്കും വളരെ അധികം അംഗീകാരമുണ്ട്. വേദം നമ്മുടെ പ്രാണനാണ് എന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം ഈ വേദശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഭക്തിയുടെ വിസ്താരം എത്ര വലുതാണ്. വലിയ വൃക്ഷമാണ്. ജ്ഞാനമാണ് ബീജം. ഇപ്പോൾ ജ്ഞാനത്തിലൂടെ നിങ്ങൾ എത്ര ശുദ്ധമാകുന്നു. സുഗന്ധപൂർണ്ണമായി മാറുന്നു. ഇത് നിങ്ങളുടെ പൂന്തോട്ടമാണ്. ഇവിടെ ആരെയും മുള്ളെന്ന് പറയുകയില്ല എന്തെന്നാൽ ഇവിടെ ആരും വികാരത്തിലേയ്ക്ക് പോകുന്നില്ല. അതിനാൽ പറയാം ഈ പൂന്തോട്ടത്തിൽ ഒരു മുള്ളുപോലുമില്ല. മുള്ളുകൾ കലിയുഗത്തിലാണ്. ഇപ്പോൾ പുരുഷോത്തമ സംഗമയുഗമാണ്. ഇതിൽ മുള്ള് എവിടെ നിന്ന് വരാനാണ്. അഥവാ ഏതെങ്കിലും മുള്ള് ഇരിക്കുന്നുണ്ടെങ്കിൽ അവർ അവനവനുതന്നെ നഷ്ടമുണ്ടാക്കുകയാണ് എന്തെന്നാൽ ഇത് ഇന്ദ്രപ്രസ്ഥമാണ്. ഇവിടെ ജ്ഞാന മാലാഖമാരാണ് ഇരിക്കുന്നത്. ജ്ഞാന ഡാൻസ് ചെയ്യുന്ന മാലാഖമാർ. മുഖ്യമായവരുടെ പേരാണ് പുഷ്യരാഗ പരി, നീലാംബരി മുതലായവ. പിന്നീട് അവരാണ് 9 രത്നങ്ങൾ എന്ന് പറയപ്പെടുന്നത്. പക്ഷേ ഇവർ ആരായിരുന്നു, ഇത് ആർക്കും അറിയില്ല. ബാബ കേവലം പറയുന്നു എന്നെ ഓർമ്മിക്കൂ. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ അറിവുണ്ട്, 84 ന്റെ ചക്രവും ഇപ്പോൾ ബുദ്ധിയിലുണ്ട്. ശാസ്ത്രങ്ങളിലാണെങ്കിൽ 84 ലക്ഷം എന്നാണ് പറഞ്ഞിരിക്കുന്നത്. മധുര മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ മക്കൾക്ക് ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. എത്ര സഹജമാണ്. ഭഗവാന്റെ വാക്കുകളാണ് മക്കളെപ്രതി, എന്നെ മാത്രം ഓർമ്മിക്കൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ സുഗന്ധമുള്ള പുഷ്പമായി മാറുന്നതിനായി സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. മുള്ളായി മാറരുത്. ഇവിടെ എല്ലാം മധുര മധുരമായ പുഷ്പങ്ങളാണ്. മുള്ളുകളില്ല. അതെ,

മായയുടെ കൊടുങ്കാറ്റ് വരും. മായ ഇത്രയും കഠിനമാണ് അത് പെട്ടെന്ന് കുടുക്കിക്കളയും. ഞാൻ എന്താണീ ചെയ്തത് എന്റെ മുഴുവൻ സമ്പാദ്യത്തേയും നഷ്ടപ്പെടുത്തിയല്ലോ എന്നോർത്ത് പിന്നീട് പശ്ചാത്തപിക്കും.

ഇത് പൂന്തോട്ടമാണ്. പൂന്തോട്ടത്തിൽ നല്ല നല്ല പൂക്കളും ഉണ്ടാകും. ഈ പൂന്തോട്ടത്തിലും ചിലത് ഫസ്റ്റ് ക്ലാസ് പുഷ്പമാണ്. മുഗൾ ഗാർഡനിൽ നല്ല നല്ല പൂക്കളുണ്ടല്ലോ അതുപോലെയാണ്. എല്ലാവരും കാണാൻ പോകും. ഇവിടെ നിങ്ങളുടെ അടുത്തേയ്ക്ക് കാണാൻ ആരും വരില്ല. മുള്ളുകൾക്ക് നിങ്ങൾ എന്ത് മുഖം കാണിക്കാനാണ്. പാട്ടുമുണ്ട് അഴുക്കുവസ്ത്രങ്ങൾ ........ ബാബയ്ക്ക് ജപ സാഹേബ്, സുഖമണി മുതലായ എല്ലാം ഓർമ്മയുണ്ടായിരുന്നു. ഇടവിടാതെ പഠിക്കുമായിരുന്നു, 8 വയസ്സുള്ളപ്പോൾത്തന്നെ തയ്യാറാകുമായിരുന്നു, താമസം പോലും ക്ഷേത്രത്തിലായിരുന്നു. ക്ഷേത്രത്തിന്റെ മുഴുവൻ ചുമതലയും തനിക്കായിരുന്നു. വിസർജ്യം നിറഞ്ഞ വസ്ത്രം കഴുകുക എന്നാൽ എന്താണ് എന്നത് ഇപ്പോൾ മനസ്സിലായി. മുഴുവൻ മഹിമയും ബാബയുടേതാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ ഇരുന്ന് മനസ്സിലാക്കിത്തരികയാണ്. കുട്ടികളോട് പറയുന്നുമുണ്ട്– നല്ല നല്ല പൂക്കളെക്കൊണ്ടുവരൂ. ആരാണോ നല്ല നല്ല പുഷ്പങ്ങളെക്കൊണ്ടുവരുന്നത് അവർ നല്ല പുഷ്പമാണെന്ന് അംഗീകരിക്കപ്പെടും. എല്ലാവരും പറയുന്നുണ്ട് ഞാൻ ലക്ഷ്മീ നാരായണനായി മാറുമെന്ന്, എങ്കിൽ റോസാപുഷ്പമായി മാറി. ബാബ പറയുന്നു ശരി എങ്കിൽ നിങ്ങൾ കുട്ടികളുടെ മുഖത്ത് റോസാപുഷ്പമാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് സദാ റോസാപുഷ്പമായി മാറൂ. വളരെ അധികം കുട്ടികളുണ്ട്. പ്രജകൾ ഒരുപാട് ഉണ്ടാകുന്നുണ്ട്. അവിടെ രാജാവും റാണിയും പിന്നെ പ്രജയുമുണ്ട്. സത്യയുഗത്തിൽ മന്ത്രിയുണ്ടാകില്ല എന്തെന്നാൽ രാജാവിൽ മുഴുവൻ ശക്തിയും ഉണ്ടാകും. മന്ത്രിയുടെ ഉപദേശം തേടേണ്ട ആവശ്യമുണ്ടാകില്ല. ഇല്ലെങ്കിൽ പിന്നെ ഉപദേശം നൽകുന്നവർ വലിയവരായിപ്പോകും. അവിടെ ഭഗവാൻ, ഭഗവതിയ്ക്ക് ഉപദേശത്തിന്റെ ആവശ്യമില്ല, പതിതമാകുമ്പോഴാണ് മന്ത്രിയുടെ ആവശ്യം വരുന്നത്. ഭാരതത്തിന്റെ തന്നെ കാര്യമാണ്, രാജാക്കന്മാർ രാജാക്കന്മാരുടെ മുന്നിൽത്തന്നെ തലകുനിക്കുന്ന മറ്റൊരു ഖണ്ഢവുമില്ല. ഇവിടെയാണ് കാണിക്കുന്നത് ജ്ഞാനമാർഗ്ഗത്തിൽ പൂജ്യൻ, അജ്ഞാനമാർഗ്ഗത്തിൽ പൂജാരി. അവർ ഇരട്ടക്കിരീടധാരികൾ, ഇവർ ഒറ്റക്കിരീടധാരികൾ. ഭാരതത്തെപ്പോലെ പവിത്രമായ മറ്റൊരു ഖണ്ഢമില്ല. സ്വർഗ്ഗമായിരുന്നു, പാരഡൈസായിരുന്നു. നിങ്ങൾ അതിനുവേണ്ടിത്തന്നെയാണ് പഠിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് പൂവായി മാറണം. പൂന്തോട്ടത്തിന്റെ ഉടമസ്ഥൻ വന്നിരിക്കുകയാണ്. പുന്തോട്ടക്കാരനുമുണ്ട്. പൂന്തോട്ടം സൂക്ഷിപ്പുകാർ നമ്പർവൈസാണ്. കുട്ടികളും മനസ്സിലാക്കുന്നുണ്ട് ഇത് പൂന്തോട്ടമാണ്, ഇതിൽ മുള്ളുകളില്ല, മുള്ളുകൾ ദുഃഖമാണ് നൽകുക. ബാബ ആർക്കും ദുഃഖം നൽകുന്നില്ല. ബാബ ദുഃഖ ഹർത്താവും സുഖ കർത്താവുമാണ്. എത്ര മധുരമായ ബാബയാണ്.

നിങ്ങൾ കുട്ടികൾക്ക് ബാബയോട് സ്നേഹമുണ്ട്. ബാബയും കുട്ടികളെ സ്നേഹിക്കുന്നുണ്ടല്ലോ. ഇത് പഠിപ്പാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ പ്രാക്ടിക്കലായി പഠിപ്പിക്കുകയാണ്, ഇവരും പഠിക്കുന്നുണ്ട്, പഠിച്ച് പിന്നീട് പഠിപ്പിച്ചാൽ മുള്ളിൽ നിന്ന് പിന്നെയും പൂവാകും. ഭാരതം മഹാദാനിയാണ് എന്നാണ് പാടിയിട്ടുള്ളത് എന്തുകൊണ്ടെന്നാൽ നിങ്ങൾ കുട്ടികൾ മഹാദാനിയായി മാറുന്നു. നിങ്ങൾ അവിനാശിയായ ജ്ഞാനരത്നങ്ങളുടെ ദാനം നൽകുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവ് തന്നെയാണ് രൂപബസന്ത്(ജ്ഞാനത്താൽ നിറഞ്ഞവർ). ബാബയും രൂപബസന്താണ്. ബാബയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ജ്ഞാനസാഗരൻ പരമപിതാ പരമാത്മാവാണ്, ബാബ അഥോറിറ്റിയല്ലേ. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ് അതിനാലാണ് പറയുന്നത് മുഴുവൻ സാഗരത്തേയും മഷിയാക്കിയാലും മഹിമ എഴുതിത്തീരില്ല. പിന്നെ ഒരു സെക്കന്റിൽ ജീവന്മുക്തി എന്നും പാടിയിട്ടുണ്ട്. നിങ്ങളുടെ പക്കൽ ഒരു ശാസ്ത്രവുമില്ല. അവിടെ ഏതെങ്കിലും പണ്ഢിതന്റെ അടുത്തേയ്ക്ക് പോയാൽ ഈ പണ്ഢിതൻ വളരെ അധികം പഠിച്ച അഥോറിറ്റിയാണ് എന്നാണ് കരുതുന്നത്. ഇവർ എല്ലാ വേദ ശാസ്ത്രങ്ങളും പഠിച്ചിട്ടുണ്ട് പിന്നീട് ആ സംസ്ക്കാരം കൊണ്ടുപോകുമ്പോൾ ചെറിയ പ്രായത്തിൽത്തന്നെ എല്ലാം പഠിക്കാൻ തുടങ്ങും. നിങ്ങൾ സംസ്ക്കാരം കൊണ്ടുപോകുന്നില്ല. നിങ്ങൾ പഠിപ്പിന്റെ റിസൾട്ടാണ് കൊണ്ടുപോകുന്നത്. നിങ്ങളുടെ പഠിപ്പ് പൂർത്തിയാകും പിന്നീട് റിസൾട്ട് വരും പിന്നെ ആ പദവി നേടും. ആരെയെങ്കിലും കേൾപ്പിക്കാൻ ജ്ഞാനം കൊണ്ടുപോകില്ലല്ലോ. ഇവിടെയാണെങ്കിൽ ഇത് പഠിപ്പാണ്, ഇതിന്റെ പ്രാലബ്ധം പുതിയ ലോകത്താണ് ലഭിക്കുക. നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തന്നു– മായയും കുറഞ്ഞ ശക്തിയുള്ള ആളല്ല. മായയുടെ ശക്തി ദുർഗതിയിലേയ്ക്ക് കൊണ്ടുപോകുന്നതാണ്. പക്ഷേ അതിന്റെ മഹിമ ഒരിയ്ക്കലും ചെയ്യില്ല. മായ ദുഃഖം നൽകുന്നതിലാണ് ശക്തിവാൻ. ബാബയാണെങ്കിൽ സുഖം നൽകുന്നതിലാണ് ശക്തിവാൻ അതിനാലാണ് ബാബയ്ക്ക് മഹിമയുള്ളത്. ഇതും ഡ്രാമയിൽ ഉള്ളതാണ്. നിങ്ങൾ സുഖം നേടുന്നു അതിനാൽ ദുഃഖവും നേടുന്നു. ജയവും പരജയവും ആരുടേതാണ് എന്നത് അറിഞ്ഞിരിക്കണമല്ലോ.

ബാബയും ഭാരതത്തിലാണ് വരുന്നത്, ജയന്തിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്, ഇത് ആർക്കും അറിയില്ല അതായത് ശിവബാബ എപ്പോഴാണ് വരുന്നത്, വന്ന് എന്താണ് ചെയ്തത്. പേരും അടയാളവും പോലും ഇല്ലാതാക്കി. കുട്ടിയായ കൃഷ്ണന്റെ പേരുവെച്ചു. വാസ്തവത്തിൽ അതിസ്നേഹിയായ അച്ഛന്റെ മഹിമ വേറെയാണ്, കൃഷ്ണന്റെ മഹിമ വേറെയാണ്. ബാബ നിരാകാരനാണ്, കൃഷ്ണൻ സാകാരമാണ്. കൃഷ്ണന്റെ മഹിമ സർവ്വഗുണ സമ്പന്നൻ.............. ശിവബാബയ്ക്ക് ഈ മഹിമ പാടില്ല, ആരിൽ ഗുണമുണ്ടോ അവരിൽ അവഗുണവും ഉണ്ടാകും അതിനാൽ ബാബയ്ക്ക് ഈ മഹിമ പാടില്ല. ബാബയെ അകാലമൂർത്തി എന്നാണ് പറയുക. നമ്മളും അകാലമൂർത്തികളാണ്. ആത്മാവിനെ കാലന് വിഴുങ്ങാൻ കഴിയില്ല. ഇവിടെയാണ് അകാലമൂർത്തിയെ വിളിക്കുന്നത്. സത്യയുഗത്തിൽ വിളിക്കില്ല എന്തുകൊണ്ടെന്നാൽ അവിടെ സുഖം തന്നെ സുഖമാണ് അതിനാലാണ് പാടുന്നത് ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കും സുഖത്തിൽ ആരും ഓർമ്മിക്കില്ല. ഇപ്പോൾ രാവണരാജ്യത്തിൽ എത്ര ദുഃഖമാണ്. ബാബയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത് പിന്നെ അരകല്പത്തിലേയ്ക്ക് അവിടെ ആരും വിളിക്കില്ല. എങ്ങനെയാണോ ലൗകിക പിതാവ് കുട്ടിയെ അലങ്കരിച്ച് സമ്പത്ത് നൽകി സ്വയം വാനപ്രസ്ഥ അവസ്ഥയിലേയ്ക്ക് പോകുന്നത്. എല്ലാം കുട്ടികൾക്ക് നൽകിയിട്ട് പറയും- ഇപ്പോൾ ഞങ്ങൾ സത്സംഗത്തിലേയ്ക്ക് പോവുകയാണ്. എന്തെങ്കിലും കഴിക്കാനായി അയച്ചുതന്നുകൊണ്ടിരിക്കണം. ഈ ബാബ അങ്ങനെ പറയില്ലല്ലോ. ബാബ പറയുന്നു മധുര മധുരമായ മക്കളേ ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകിയിട്ട് വാനപ്രസ്ഥത്തിലേയ്ക്ക് പോകും. കഴിക്കാനുള്ളത് അയച്ചുതരണം എന്ന് ഞാൻ പറയുമോ. ലൗകിക കുട്ടികളുടെ കടമയാണ് അച്ഛനെ സംരക്ഷിക്കുക എന്നത്. ഇല്ലെങ്കിൽ എങ്ങനെ കഴിക്കും? ഈ ബാബ പറയുന്നു ഞാൻ നിഷ്കാമ സേവാധാരിയാണ്. മനുഷ്യർ ആരെങ്കിലും നിഷ്കാമമാവുക എന്നത് അസാധ്യമാണ്. വിശന്ന് മരിക്കും. ഞാൻ വിശന്ന് മരിക്കില്ല, ഞാൻ അഭോക്താവാണ്. നിങ്ങൾ കുട്ടികൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദം നൽകിയിട്ട് ഞാൻ ചെന്ന് വിശ്രമിക്കും. പിന്നീട് എന്റെ പാർട്ട് അവസാനിക്കും. പിന്നീട് ഭക്തിമാർഗ്ഗത്തിലാണ് ആരംഭിക്കുന്നത്. ഈ അനാദിയായ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്, ബാബ ഇരുന്ന് രഹസ്യങ്ങൾ മനസ്സിലാക്കിത്തരുകയാണ്. വാസ്തവത്തിൽ ഏറ്റവും കൂടുതൽ പാർട്ട് നിങ്ങൾക്കാണ് അതിനാൽ പ്രതിഫലവും നിങ്ങൾക്കാണ് ലഭിക്കേണ്ടത്. ഞാൻ വിശ്രമിക്കുന്നു അതിനാൽ നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റേയും അധികാരിയാണ്, വിശ്വത്തിന്റേയും അധികാരിയായി മാറുന്നു. നിങ്ങളുടെ പേരാണ് പ്രശസ്തമാകുന്നത്. ഈ ഡ്രാമയുടെ രഹസ്യവും നിങ്ങൾക്ക് അറിയാം. നിങ്ങൾ ജ്ഞാനപുഷ്പങ്ങളാണ്. ലോകത്തിൽ ഒരാൾ പോലുമില്ല. രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. അവർ രാത്രിയിലാണ്, നിങ്ങൾ പകലിലേയ്ക്ക് പോകുന്നു. ഇന്നുകാലത്ത് വനോത്സവം ആഘോഷിക്കാറുണ്ട്, ഇപ്പോൾ ഭഗവാൻ മനുഷ്യരുടെ വനോത്സവം ആഘോഷിക്കുകയാണ്.

നോക്കൂ ബാബ എന്ത് അത്ഭുതമാണ് ചെയ്യുന്നത് മനുഷ്യരെ ദേവത, യാചകനെ രാജാവാക്കി മാറ്റുന്നു. ഇപ്പോൾ പരിധിയില്ലാത്ത ബാബയുമായി കച്ചവടം ചെയ്യാൻ വന്നിരിക്കുകയാണ് നിങ്ങൾ, പറയുന്നു ബാബാ ഞങ്ങളെ യാചകനിൽ നിന്നും രാജാവാക്കി മാറ്റൂ. ബാബ വളരെ നല്ല ഉപഭോക്താവാണ്. ദുഃഖ ഹർത്താ സുഖ കർത്താവ് എന്നല്ലേ ബാബയെ നിങ്ങൾ പറയുന്നത്. ഇതുപോലൊരു ദാനം ഉണ്ടാവില്ല. ബാബ സുഖം നൽകുന്നവനാണ്. ബാബ പറയുന്നു, ഭക്തിമാർഗ്ഗത്തിലും ഞാൻ നിങ്ങൾക്ക് നൽകുന്നു. ഈ സാക്ഷാത്ക്കാരം മുതലായവയെല്ലാം ഭക്തിയിൽ അടങ്ങിയതാണ്. ഇപ്പോൾ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുന്നു ഞാൻ എന്തെന്തെല്ലാമാണ് ചെയ്യുന്നത്. മുന്നോട്ട് പോകവേ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കും. അന്തിമത്തിൽ നമ്പർവൈസായി നിങ്ങൾ കർമ്മാതീത അവസ്ഥ പ്രാപ്തമാക്കും. ഇതെല്ലാം ഡ്രാമയിൽ ഉള്ളതാണ് എങ്കിലും പുരുഷാർത്ഥം ചെയ്യിക്കുന്നു, ബാബയെ ഓർമ്മിക്കൂ. ഇത് മഹാഭാരതയുദ്ധം കൂടിയാണ്. എല്ലാം അവസാനിക്കും. ഭാരതവാസികൾ മാത്രമേ ബാക്കിയുണ്ടാകൂ പിന്നീട് നിങ്ങൾ വിശ്വത്തിനുമേൽ രാജ്യം ഭരിക്കും. ഇപ്പോൾ ബാബ നിങ്ങളെ പഠിപ്പിക്കാൻ വന്നതാണ്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ. ഇതും കളിയാണ്, ഇതിൽ സംശയിക്കേണ്ട കാര്യമില്ല. മായ കൊടുങ്കാറ്റുകൾ കൊണ്ടുവരും. ബാബ മനസ്സിലാക്കിത്തരുന്നു ഇതിൽ ഭയക്കരുത്. വളരെ മോശമായ സങ്കല്പങ്ങൾ വരും. അതും ബാബയുടെ മടിയിൽ ഇരുന്ന ശേഷവും. ബാബയുടെ മടിയിൽ വരാത്തപ്പോൾ പോലും മായ ഇത്രയും യുദ്ധം ചെയ്യില്ല. മടിയിൽ ഇരുന്നതിനുശേഷമാണ് കൊടുങ്കാറ്റ് വരുന്നത് അതിനാൽ മടിത്തട്ടും നഷ്ടപ്പെടാതെ നോക്കണം. ബലഹീനമാണെങ്കിൽ പിന്നെ പ്രജയിലേക്ക് പോകും. രാജ്യപദവി നേടുന്നതാണ് നല്ലത്, ഇല്ലെങ്കിൽ ദാസ-ദാസിയാവേണ്ടതായി വരും. ഇത് സൂര്യവംശി-ചന്ദ്രവംശീ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) രൂപ്-ബസന്തായി മാറി അവിനാശിയായ ജ്ഞാനരത്നങ്ങളുടെ ദാനം നൽകി മഹാദാനിയായി മാറണം. എന്ത് പഠിപ്പാണോ പഠിക്കുന്നത് അത് മറ്റുള്ളവരെ പഠിപ്പിക്കണം.

2) ഒരു കാര്യത്തിലും ആശയക്കുഴപ്പത്തിൽ വരികയോ ഭയപ്പെടുകയോ ചെയ്യരുത്, സ്വയം സംരക്ഷിക്കണം. ഞാൻ ഏതു പ്രകാരത്തിലുള്ള പുഷ്പമാണ്, എന്നിൽ ഒരു ദുർഗന്ധവും ഇല്ലല്ലോ എന്ന് സ്വയം സ്വയത്തോട് ചോദിക്കണം.

## വരദാനം : ദൃഢ സങ്കൽപ്പത്തിലൂടെ ദുർബലതകൾ ആകുന്ന കലിയുഗീ പർവ്വതത്തെ സമാപ്തമാക്കുന്ന സമർഥി സ്വരൂപമായി ഭവിക്കട്ടെ.

നിരാശരാകുക, ഏതെങ്കിലും സംസ്കാരം അഥവാ പരിതസ്ഥിതിക്ക് വശീഭൂതം ആകുക ,വ്യക്തി വൈഭവങ്ങളുടെ നേർക്ക് ആകർഷിതം ആകുക ഈ എല്ലാ ദുർബലതകൾ ആകുന്ന കലിയുഗീ പർവ്വതത്തെ ദൃഢസങ്കൽപത്തിന്റെ വിരൽ നൽകി സദാകാലത്തേക്ക് സമാപ്തമാക്കു അതായത് വിജയിയാകു. വിജയം നമ്മുടെ കഴുത്തിലെ മാലയാണ് സദാ ഈ സ്മൃതിയിലൂടെ സമർത്ഥി സ്വരൂപമാകു . ഇതാണ് സ്നേഹത്തിൻറെ പകരം . സാകാര ബാബ സ്ഥിതിയുടെ സ്തംഭം ഉണ്ടാക്കി കാണിച്ചത് പോലെ ഇങ്ങനെ ഫോളോ ഫാദർ ചെയ്തു സർവ്വ ഗുണങ്ങളുടെയും സ്തംഭം ആകൂ.

## സ്ലോഗൻ:- സാധനം സേവനങ്ങൾക്കുള്ളതാണ്, വിശ്രമപ്രിയരാകാൻ ഉള്ളതല്ല

**അവ്യക്ത സൂചനകൾ : ആത്മീയ സ്ഥിതിയിൽ കഴിയുവാനുള്ള അഭ്യാസം ചെയ്യൂ അന്തർമുഖിയാകൂ.**
ആറ്റം ബോംബ് ഒരു സ്ഥലത്ത് ഇടുന്നതിലൂടെ നാനാഭാഗത്തും അതിൻറെ അംശം വ്യാപിക്കുന്നു. അത് ആറ്റം ബോംബാണ് ഇത് ആത്മീയ ബോംബാണ്. ഇതിൻറെ പ്രഭാവം അനേക ആത്മാക്കളെ ആകർഷിതരാക്കും സഹജമായി തന്നെ പ്രജകൾ വർദ്ധിക്കും. അതിനാൽ സംഘടിത രൂപത്തിൽ ആത്മീയ സ്വരൂപത്തിന്റെ അഭ്യാസത്തെ വർധിപ്പിക്കു സ്മൃതി സ്വരൂപമാകു, എങ്കിൽ അന്തരീക്ഷം ശക്തിശാലിയായി മാറും.